# ഖുർആനിലെ ദൈവസങ്കൽപം

**ജമാൽ മലപ്പുറം**



**ഖുർആന്റെ ദൈവസങ്കൽപം ആത്മശുദ്ധീകരണത്തിന് മാത്രമുള്ളതല്ല, സ്വഭാവസംസ്കരണത്തിനും കർമവ്യവസ്ഥീകരണത്തിനും നന്മയുടെ പ്രചാരണത്തിനും തിന്മയുടെ പ്രതിരോധത്തിനും നാഗരികതയുടെ നിർമാണത്തിനും കൂടിയുള്ളതാണ്. സാർവലൗകികവും സാർവകാലികവുമായ സമഗ്രവും സമ്പൂർണവുമായ ഒരു ജീവിതപദ്ധതിയുടെ ഊർജസ്രോതസ്സാണ് ഖുർആനിലെ ദൈവം**

"താങ്കൾ മുഹമ്മദ് മുഖേന ദൈവത്തെ അറിയുകയോ ദൈവം മുഖേന മുഹമ്മദിനെ അറിയുകയോ എന്താണുണ്ടായത്?" മുഹമ്മദ് നബി(സ)യുടെ പിതൃവ്യപുത്രനും മകളുടെ ഭർത്താവും അദ്ദേഹത്തിന്റെ വിയോഗാനന്തരം ഇസ്‌ലാമികരാഷ്ട്രത്തിന്റെ അമരത്തിരുന്ന (അമീർ) നാലാമത്തെ നേതാവും പണ്ഡിതനും കവിയും ബഹുമുഖപ്രതിഭയുമായിരുന്ന അലിയ്യുബ്നു അബീത്വാലിബിനോട് ഒരാൾ ചോദിച്ചതാണിത്. അദ്ദേഹം പറഞ്ഞു: "ഇന്നാലിന്ന മുഹമ്മദിനെ പ്രവാചകനായി നിയോഗിച്ചിരിക്കുന്നു എന്ന് ദൈവം എന്നോട് പറഞ്ഞു എന്നാണെങ്കിൽ, ദൈവത്തിന് എന്നോട് നേരിട്ട് സംവദിക്കാമെങ്കിൽപിന്നെ എനിക്കെന്തിനാണൊരു മുഹമ്മദ്? ഇനി, പ്രപഞ്ചത്തിനൊരു നാഥനുണ്ടെന്ന് മുഹമ്മദ് പറഞ്ഞതുകൊണ്ടാണ് ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നതെങ്കിൽ മുഹമ്മദിനെയാണല്ലോ ഞാൻ കൂടുതൽ വിശ്വസിക്കുന്നത്. എന്നാലിത് രണ്ടുമല്ല സംഭവിച്ചത്. ഞാൻ ദൈവത്തെ അറിഞ്ഞത് ദൈവം മുഖേനതന്നെയാണ്. ദൈവം എന്നെക്കൊണ്ട് എന്താണുദ്ദേശിക്കുന്നത് എന്ന് അറിയിച്ചുതരിക മാത്രമാണ് മുഹമ്മദ് ചെയ്തത്."

വിശുദ്ധഖുർആന്റെ ദൈവസങ്കൽപനരീതിയാണിവിടെ മഹാനായ അലി(റ) അനാവരണം ചെയ്തിരിക്കുന്നത്. എങ്ങനെയാണ് ദൈവം മുഖേന ദൈവത്തെ അറിയുക? ശൂന്യത ഒന്നുമുണ്ടാക്കുന്നില്ല. ഇല്ലാത്തത് കൊടുക്കാനും കഴിയില്ല. അതിനാൽ, ഒരു വസ്തുവോ വൃത്തിയോ കണ്ടാൽ അതുണ്ടാക്കിയ, വർത്തിച്ച ഒരു ആസ്തികൃവും ആ ആസ്തികൃത്തിന്റെ ചില ഗുണങ്ങളും അതിൽനിന്നുതന്നെ ഗ്രഹിക്കാവുന്നതാണ്. ഉദാഹരണമായി, ഒരാൾ ധരിച്ചിരിക്കുന്ന കുപ്പായം കണ്ടാൽ അത് തുന്നിയ ഒരു തയ്യൽക്കാരൻ ഉണ്ടെന്നു മനസ്സിലാക്കാമല്ലോ. ഇവിടെ തയ്യൽക്കാരനെ കണ്ടെത്തുന്നത് അയാളിലൂടെത്തന്നെയാകുന്നു. എന്നാൽ തയ്യൽക്കാരൻ പറഞ്ഞ സമയത്ത് തുന്നിത്തരുമോ, കൂലി കൂടുതൽ വാങ്ങുമോ എന്നൊക്കെ അയാളുമായി നേരിട്ടിടപെട്ടിട്ടുള്ള ആളിൽനിന്ന് കേട്ടറിയണം. ഇതൊരു ചെറിയ കാര്യമായിതോന്നാം. എന്നാലിതൊരു വലിയ കാര്യംകൂടിയാകുന്നു. ലോകത്ത് നാളിതുവരേക്കും ലഭിച്ചിട്ടുള്ള മുഴുവൻ അറിവുകളുടെയും അടിസ്ഥാനമാണത്. അതിനാൽ അറിവ് ആർജിക്കാൻ മനുഷ്യന് ലഭ്യമായ മുഴുവൻ മാർഗങ്ങളും മാധ്യമങ്ങളും മുഖേന വിശിഷ്യാ, ഇന്ദ്രിയങ്ങളും യുക്തിബോധവും വിവേചനശക്തിയുമെല്ലാം ഉപയോഗിച്ച് ദൈവത്തെയും ദൈവേച്ഛകളെയും കണ്ടെത്താൻ ഖുർആൻ ആവർത്തിച്ചാഹ്വാനം ചെയ്യുന്നു:

'സ്വയം സ്ഫുടവും മറ്റുള്ളതിനെ സ്ഫുടീകരിക്കുന്നതുമായ, അതുല്യമായ ഭാഷയിലും ശൈലിയിലും ഖുർആൻ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്, നിങ്ങൾ ബുദ്ധി പ്രവർത്തിപ്പിക്കുന്നതിന് (തഅ്ഖുൽ) വേണ്ടിയാണെ'ന്ന് ഖുർആൻ പറയുന്നു (12: 2, 43:3). തന്നിലും തനിക്കുചുറ്റിലും നിറഞ്ഞുകിടക്കുന്ന പ്രതിഭാസങ്ങളെക്കുറിച്ച് ചിന്തിച്ചാൽ വിസ്മൃത യാഥാർഥ്യങ്ങളെ (തദക്കുർ) മാത്രമല്ല, നവംനവങ്ങളായ വസ്തുതകളെ(തഫക്കുർ)യും കണ്ടെത്താമെന്ന് അത് ചൂണ്ടിക്കാണിക്കുന്നു. പ്രപഞ്ചം തന്നെ നിരീക്ഷിക്കപ്പെടേണ്ടതായ തുറന്നുവച്ച ഒരു മഹാഗ്രന്ഥമാണെന്ന് ഖുർആൻ അവകാശപ്പെടുന്നു. അന്വേഷിക്കാനും ആലോചിക്കാനും പ്രേരകവും സഹായകവുമായ പ്രതിഭാസങ്ങളെയും ദൃഷ്ടാന്തങ്ങളെയും വിശുദ്ധഖുർആനിലെ സൂക്തങ്ങളെയും ഒരുപോലെ ആയത്ത് എന്ന ഒരൊറ്റ പദംകൊണ്ടാണ് നാമകരണം ചെയ്തിരിക്കുന്നത്. 'അത്ഭുതമുളവാക്കുന്ന അടയാളം' എന്നാണാ വാക്കിന്റെ അർഥം.

നീ പറയുക: നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക; എന്നിട്ട് നിരീക്ഷിക്കുക എങ്ങനെ

യാണവൻ സൃഷ്ടി ആരംഭിച്ചിരിക്കുന്നത് എന്ന്" (29: 19-20). "നിങ്ങൾ സ്വയം സ്രവിപ്പിക്കുന്ന ശുക്ലത്തെ കാണേണ്ടതുപോലെ കണ്ടിട്ടുണ്ടോ? അതിനെ സൃഷ്ടിച്ചതാരാണ്? മരണവുമുണ്ടല്ലോ, അതിനെ തോൽപിക്കാനാവുമോ?' (56: 58-62). കുടിക്കുന്ന വെള്ളം, കഴിക്കുന്ന ആഹാരം, കൃഷി, കച്ചവടം, യാത്ര, വാഹനം, വായു, വെളിച്ചം, നിഴൽ, മഴ, മേഘം, പക്ഷിമൃഗാദികൾ, ഗോളങ്ങൾ, നക്ഷത്രങ്ങൾ, ഭ്രമണപഥങ്ങൾ തുടങ്ങി തന്നിലും തനിക്കു ചുറ്റിലും മണ്ണിലും വിണ്ണിലുമായി നിറഞ്ഞുകിടക്കുന്ന എണ്ണിയാലൊടുങ്ങാത്ത അത്ഭുതപ്രതിഭാസങ്ങളെക്കുറിച്ച് സ്വയം ചിന്തിച്ച് ദൈവത്തെ കണ്ടെത്താൻ ശതക്കണക്കിന് സൂക്തങ്ങളിലൂടെ ഖുർആൻ ആഹ്വാനം ചെയ്യുന്നു.

എന്നാൽ, അത്തരത്തിലുള്ള ഒരു കണ്ടെത്തലിലൂടെ ദൈവത്തിന്റെ സമ്പൂർണമായ ഗുണവിശേഷങ്ങളുടെ വിശദമായ ജ്ഞാനം ലഭിക്കുകയോ ഭൂമിയിൽ മനുഷ്യനെക്കൊണ്ട് ദൈവം എന്താണുദ്ദേശിക്കുന്നതെന്ന് സംശയരഹിതമായി മനസ്സിലാക്കാൻ സാധിക്കുകയോ ചെയ്തുകൊള്ളണമെന്നില്ല. എന്നല്ല, അതൊരുവേള അസാധ്യവുമാണ്. ദിവ്യബോധനവും ദൈവദൂതനും വേദഗ്രന്ഥവും അനിവാര്യമാകുന്നതിവിടെയാണ്. മാതാവിന്റെ മുലയിൽ പാൽചൊരിയുകയും ഹൃദയത്തിൽ വാത്സല്യം ചുരത്തുകയും ചെയ്ത അദൃശ്യശക്തി കാരുണ്യവാനാണെന്ന് നിശ്ചയം. എന്നാലാ കാരുണ്യത്തിന്റെ അളവ് എത്രയാണ്? എന്റെ മാതാവിലും എന്റെ ഭാര്യയിലും പെൺമക്കളിലും കണ്ടിട്ടുള്ളതും കണ്ടുകൊണ്ടിരിക്കുന്നതുമായ കാരുണ്യത്തിന്റെ ദാതാവും വിധാതാവുമായ മഹാകാരുണ്യവാനോട് എനിക്ക് നന്ദി കാണിക്കണം. അത് എങ്ങനെ വേണം? സർവസ്വവും അവന് സമർപ്പിച്ച് അവന്റെ മാത്രം അടിമയും പ്രതിനിധിയുമായി അവനു മാത്രം വഴങ്ങിയും വണങ്ങിയും ജീവിക്കാൻ ഖുർആൻ ആവശ്യപ്പെടുന്നു. ജന്തുക്കളിലഖിലം കാണുന്ന മാതൃവാത്സല്യം അവന്റെ കാരുണ്യത്തിന്റെ നൂറിലൊരംശം മാത്രമാണെന്നും താൻ ആരോടെല്ലാം എങ്ങനെ എത്രത്തോളം കാരുണ്യം കാണിക്കണമെന്നും 'തയ്യൽക്കാരനു'മായി സംവദിച്ചിട്ടുള്ള മുഹമ്മദ്നബി(സ)യും പറയുന്നു. (കാരുണ്യത്തിനുള്ള ഖുർആനിക സംജ്ഞയായ *റഹ്മത്ത്* എന്ന വാക്ക് ഗർഭപാത്രം എന്ന് അർഥമുള്ള *റഹ്മ്* എന്ന വാക്കിൽനിന്നുണ്ടായതാണ് എന്നത് ശ്രദ്ധേയമത്രെ).

വിശുദ്ധഖുർആൻ സമർപ്പിക്കുന്ന ദൈവം കാരുണ്യത്തിന്റെ സമ്പൂർണതയാണ്. മഹാകാരുണ്യമായി, മനുഷ്യർക്ക് മാർഗദർശനമായി, വിശ്വാസികൾക്കൊരു ശമനൗഷധമായി അവൻ അവതരിപ്പിച്ചതാണ് ഖുർആൻ. അത് കൊടുത്തയക്കാൻ അവൻ തെരഞ്ഞെടുത്ത മുഹമ്മദ് നബി(സ) ലോകർക്ക് മുഴുവൻ കാരുണ്യവുമാണ്.

വിശുദ്ധഖുർആൻ താൻ രചിച്ചതല്ലെന്നും തന്റെ ചിന്തയ്ക്കോ ധിഷണയ്ക്കോ ഇച്ഛാഭിലാഷങ്ങൾക്കോ അതിന്റെ അക്ഷരങ്ങളിലോ അർഥങ്ങളിലോ യാതൊരു പങ്കുമില്ലെന്നും അതിനാൽ അക്ഷരാർഥത്തിൽ തന്നെ അത് ദൈവവചനമാണെന്നും മുഹമ്മദ് നബിയുടെ പേരിൽ വിശുദ്ധഖുർആൻ തീർത്തുപറയുന്നു: "പ്രവാചകരേ, അവരോട് പറയുക: എന്റെ പക്കൽ അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. ഞാൻ അഭൗതികകാര്യങ്ങൾ അറിയുന്നുമില്ല. ഞാൻ ഒരു മാലാഖയാണെന്നും നിങ്ങളോട് പറയുന്നില്ല. എനിക്കവതരിച്ചുകൊണ്ടിരിക്കുന്ന ദിവ്യബോധനത്തെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. എന്നിട്ട് അവരോട് ചോദിക്കുക. അന്ധരും കാഴ്ചയുള്ളവരും തുല്യരാവുക സാധ്യമാണോ? നിങ്ങൾ ചിന്തിക്കുന്നില്ലേ?" (6: 50).

"പ്രവാചകരേ, പറയുക: ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നുവെന്ന് എനിക്ക് ദിവ്യബോധനം ലഭിക്കുന്നുവെന്നേയുള്ളൂ. അതിനാൽ തന്റെ റബ്ബിനെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കുന്നവരാരോ അവൻ സൽക്കർമങ്ങളാചരിച്ചുകൊള്ളട്ടെ. തന്റെ നാഥനുള്ള അടിമത്തത്തിൽ ആരെയും പങ്കാളിയാക്കാതിരിക്കുകയും ചെയ്യട്ടെ" (18: 110).



**"പരമവും ആത്യന്തികവുമായ സത്തയാണ് ദൈവം. എല്ലാ ബന്ധങ്ങളും കെട്ടുപാടുകളും അവിടെ ലക്ഷ്യംവയ്ക്കുകയും ഒടുവിൽ അവിടെച്ചെന്നെത്തുകയും ചെയ്യുന്നു. പ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളും അതിനപ്പുറത്തുള്ള ഒന്നിനെ തേടുന്നു. അത് മൂന്നാമതൊന്നിനെ തേടുകയും ആ ശൃംഖല തുടർന്നുപോവുകയും ചെയ്യുന്നു. പരമമായ അന്ത്യം എത്തുന്നതുവരെ. ദൈവമാണ് ആ അന്ത്യം. എല്ലാ അന്ത്യങ്ങളുടെയും അന്ത്യം. എല്ലാ തേട്ടങ്ങളുടെയും കേന്ദ്രബിന്ദുവാണവൻ."**

അതേ, തനിക്ക് യാതൊരു പങ്കുമില്ലാത്തവിധം മുഹമ്മദ് നബി(സ)ക്ക് നൽകപ്പെട്ടിട്ടുള്ള ദിവ്യബോധന(വഹ്യ്)ങ്ങളുടെ സമാഹാരമാണ് വിശുദ്ധഖുർആൻ. ദൈവം താൻ ഇച്ഛിക്കുന്നതെന്തും നിർവഹിക്കാൻ കഴിവുള്ളവനായിരിക്കണമല്ലോ. എന്നാൽ, സർവശക്തനായ ദൈവത്തിൽ വിശ്വസിക്കുന്നവർ പോലും അവൻ തന്നെ സൃഷ്ടിച്ച മനുഷ്യരിൽനിന്ന് ചിലരെ തെരഞ്ഞെടുത്ത് പ്രത്യേകമായി വിവരങ്ങൾ നൽകുകയും സംവദിക്കുകയും ചെയ്തു എന്നു പറയുമ്പോൾ അവിശ്വസിക്കുകയോ അമ്പരക്കുകയോ ചെയ്യുന്നു. അത്തരക്കാരുടെ പ്രതികരണവും ഖുർആൻ രേഖപ്പെടുത്തിയിട്ടുണ്ട് (6:91, 14:10, 24:3, 23: 24,33, 26:154,186, 36:15, 17:94, 23:34, 54:24). "നിങ്ങൾക്ക് മുന്നറിയിപ്പു തരുന്നതി

നുവേണ്ടി നിങ്ങളിൽനിന്നുതന്നെയുള്ള ഒരാൾക്ക് ദിവ്യബോധനം വന്നു കിട്ടിയതിൽ നിങ്ങൾ അത്ഭുതപ്പെടുകയാണോ?" (6:63,69) എന്ന് ഖുർആൻ ചോദിക്കുന്നു. എന്നാലാ അത്ഭുതവും നിഷേധവും അസ്ഥാനത്താണെന്നും ഖുർആൻ സോദാഹരണം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

"നിന്റെ നാഥൻ തേനീച്ചകൾക്ക് വഹ്യ് (ബോധനം) നൽകി. എന്തെന്നാൽ മലകളിലും മരങ്ങളിലും മണ്ണിനുമീതെ പടർത്തപ്പെടുന്ന വള്ളികളിലും നിങ്ങൾ കൂടുകൾ വയ്ക്കുക. പിന്നീട് എല്ലാതരം കനികളിൽനിന്നും സത്തൂറ്റുക. എന്നിട്ട്, നിന്റെ നാഥൻ ഒരുക്കിത്തന്ന പാതകളിലൂടെ സഞ്ചരിക്കുക. അവയുടെ ഉള്ളറകളിൽനിന്ന് വർണവൈവിധ്യമുള്ള ഒരു പാനീയം പുറത്തുവരും. മനുഷ്യർക്കതിൽ രോഗശമനമുണ്ട്. നിശ്ചയം, ചിന്തിക്കുന്ന ജനത്തിനതിൽ ദൃഷ്ടാന്തമുണ്ട്" (16: 68-69)

തേനീച്ചകൾക്ക് അവയുടെ നാഥൻ വഹ്യ് നൽകി എന്നല്ല പറഞ്ഞിരിക്കുന്നത് എന്നത് ശ്രദ്ധേയമത്രെ. നിനക്ക് വഹ്യ് നൽകിയിട്ടുള്ള നിന്റെ നാഥൻ  തേനീച്ചകളുടെയും നാഥനാണ്. അവൻ അവയ്ക്കും വഹ്യ് നൽകിയിട്ടുണ്ട്. അഥവാ, തേനീച്ചകൾക്ക് വഹ്യ് നൽകിയിട്ടുള്ള, അവയുടെ നാഥൻ തന്നെയാണ് നിനക്ക് വഹ്യ് നൽകിയിട്ടുള്ള നിന്റെ നാഥൻ.

മേൽസൂക്തങ്ങളിൽ രണ്ടു തവണ 'നിന്റെ നാഥൻ' എന്നുവന്നിട്ടുള്ളതും ശ്രദ്ധേയമാണ്. ആദ്യത്തേത് മുഹമ്മദ് നബിയോടും ഖുർആന്റെ വായനക്കാരനോടുമാണെങ്കിൽ രണ്ടാമത്തേത് ഓരോ തേനീച്ചയോടുമാണ്. ഇരുവർഗങ്ങളുടെയും നാഥൻ ഒരു ദൈവമാകുന്നു. തേനീച്ചയ്ക്ക് ജന്മവും ജന്മവാസനയും നൽകിയിട്ടുള്ളവൻ തന്നെയാണ് നിനക്ക് ജന്മവും വഹ്യും നൽകിയിട്ടുള്ളത്.

തേനീച്ചയ്ക്ക് നൽകപ്പെട്ടിട്ടുള്ള ജന്മവാസനയെ വഹ്യ് എന്ന് വിശേഷിപ്പിച്ചിട്ടുള്ളത് വളരെ അർഥവത്താണ്. ആ ജന്മവാസനയും അത്ഭുതകരവും അവിശ്വസനീയവും തന്നെയല്ലേ? സർവസാധാരണത്വംകൊണ്ടും സാർവത്രികതകൊണ്ടും വിസ്മയം വിനഷ്ടമായി എന്നല്ലേയുള്ളൂ. മനുഷ്യരേക്കാൾ നിസ്സാരരായ അവ എത്ര മനോഹരമായി ജീവിക്കുന്നു! മനുഷ്യർക്കും അത്തരമൊരു ജന്മവാസന മതിയായിരുന്നെന്ന് തോന്നിപ്പോവുകയാണ്!

മനുഷ്യർക്ക് മാതൃകയാക്കാനുതകുമാറ് മനോഹരമായ ഒരു സാമൂഹികജീവിതം നയിക്കാൻ ആവശ്യമായ വെളിപാടുകൾ (വഹ്യുകൾ) തേനീച്ചകൾക്ക് നൽകിയ അവയുടെ ദൈവം മനുഷ്യന് ദിവ്യബോധനമൊന്നും നൽകുകയുണ്ടായില്ലേ?

സൃഷ്ടി സോദ്ദേശ്യമാണെന്നും (3:191) സൃഷ്ടിച്ച എല്ലാറ്റിനും മാർഗദർശനം നൽകിയിട്ടുണ്ടെന്നും (20:50, 38: 27) ഖുർആൻ അവകാശപ്പെടുന്നു. ജന്മവാസന, ഇന്ദ്രിയങ്ങൾ, ബുദ്ധിശക്തി എന്നിവ മുഖേനയാണ് ദൈവം മാർഗദർശനം നിർവഹിക്കുന്നത്. അവ എല്ലാമുണ്ടായിട്ടും തെറ്റും ശരിയും തിരിച്ചറിയാനോ ആത്യന്തികമായി ഗുണകരമായത് ഏത്, ദോഷകരമായത് ഏത് എന്ന് തീരുമാനിക്കാനോ മനുഷ്യന്റെ ലഭ്യമായ ഫാക്കൽറ്റികൾക്ക് കഴിയാതെവരുന്നിടത്ത്, സാന്മാർഗികനിയമങ്ങളുടെ മേഖലയിൽ ദൈവം തെരഞ്ഞെടുത്ത വ്യക്തികൾക്ക് ബോധനം നൽകുന്നത് അസാധാരണത്വം കൊണ്ട് മാത്രമാണ് അത്ഭുതകരമായിത്തീർന്നത്. ഖുർആന്റെ കാഴ്ചപ്പാടിൽ ജന്മവാസനപോലെത്തന്നെയുള്ള എന്നാൽ, അതിനേക്കാൾ പരിഷ്കരിച്ച സ്വാഭാവികവും പ്രകൃതിപരവുമായ ഒരു പ്രതിഭാസം മാത്രമാണ് വഹ്യ്.

## പ്രവാചകന്മാർക്ക് ലഭിക്കുന്ന വഹ്യ്

അറിവിന്റെ ഉറവിടം അല്ലാഹുവാകുന്നു (67:26), മനുഷ്യനെ അറിയാത്തത് പഠിപ്പിച്ചത് അവനാകുന്നു, പേനകൊണ്ട് എഴുതാൻ പഠിപ്പിച്ചതും അവൻ തന്നെ (96: 4,5). മാതാവിന്റെ വയറ്റിൽനിന്ന് പുറത്തുവരുമ്പോൾ അവനൊന്നും അറിഞ്ഞുകൂടായിരുന്നു (16: 78). അറിവ് ആർജിക്കാൻ ജന്മവാസനയും ഇന്ദ്രിയങ്ങളും ബുദ്ധിശക്തിയും നൽകി. പ്രതിഭാശാലികളിൽ ശരാശരിക്കു മീതെ കാണപ്പെടുന്ന അസാധാരണപ്രതിഭയും അവൻ നൽകിയതു തന്നെ. പ്ലാറ്റോക്കും സോക്രട്ടീസിനും ന്യൂട്ടനും ഐൻസ്റ്റീനും ടാഗോറിനും ഇഖ്ബാലിനും ലഭിച്ചിട്ടുള്ള പ്രതിഭകൾ ദൈവം നൽകിയ ഇൽഹാമുകളാകുന്നു. എന്നിട്ടും മനുഷ്യന്റെ അറിവ് തുച്ഛമായി തുടരുന്നു (17: 85). പാപപുണ്യങ്ങളുടെയും ആത്മാവിന്റെയും മേഖലയും മനുഷ്യനെക്കുറിച്ച ദൈവേച്ഛയും അപ്രാപ്യമായി അവശേഷിക്കുമ്പോൾ വഴികാട്ടിയും വഴിവിളക്കുമായി പ്രവാചകനെയും വേദഗ്രന്ഥത്തെയും ദൈവം അയച്ചുതരുന്നു എന്നത് ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള അനിവാര്യമായ നീതിനിർവഹണമാകുന്നു; മഹത്തായ അനുഗ്രഹവും.

മറ്റൊരു നിലയ്ക്കും വഹ്യ് അനിവാര്യമാണ്. ആധുനികശാസ്ത്രവും സാങ്കേതികവിദ്യയും ചേർന്നൊരുക്കിത്തന്നിട്ടുള്ളതും നിത്യേന ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ ധാരാളം ഉപകരണങ്ങൾ ഉണ്ടല്ലോ. അവ വാങ്ങുമ്പോൾ ഉപയോഗിക്കുന്നതിനും പരിരക്ഷിക്കുന്നതിനുമുള്ള നിർദേശങ്ങൾകൂടി ലഭിക്കും (Operation and Maintenance manual). ഉപഭോക്താക്കൾ അവയെ അന്ധമായി അനുസരിക്കുകയും ചെയ്യുന്നു. 110 വാൾട്ട്കൊണ്ട് പ്രവർത്തിക്കുന്നതിനുള്ള ഉപകരണങ്ങൾ 220-ൽ കണക്റ്റ് ചെയ്യുന്നില്ല. ഡീസൽ വണ്ടിയിൽ പെട്രോൾ ഒഴിക്കുന്നില്ല. ഇതൊക്കെ തീരുമാനിച്ചതും കൽപിച്ചതും ആരാണ്? അവയുടെ ഉൽപാദകൻ തന്നെ. അയാൾക്ക് അതിനുള്ള അധികാരം എവിടെനിന്നു കിട്ടി? ഉൽപാദകന് അറിയാം ഉൽപന്നത്തിന്റെ ഉള്ളുകള്ളികൾ. സർവാംഗീകൃതമായ പ്രസ്തുത രണ്ടു തത്ത്വങ്ങളെയും ഖുർആൻ നേരത്തേതന്നെ ശരിവച്ചിരിക്കുന്നു:  "സൃഷ്ടിച്ചവനു സൃഷ്ടിയെപ്പറ്റി അറിയില്ലെന്നോ?" (67:14). "അറിയുക, അവന്റേതു മാത്രമാകുന്നു സൃഷ്ടി, അവനുമാത്രമാകുന്നു ശാസനാധികാരവും" (7:54).

തേനീച്ച ഒരു പറക്കുന്ന ജന്തുവാണല്ലോ. പറവകളെ കണ്ടുപഠിച്ചാണല്ലോ മനുഷ്യൻ പറക്കുന്നത്. ഒരു വൈമാനികന് മേപ്പുകളും കോമ്പസുകളും കമ്പ്യൂട്ടറുകളും റഡാറും റേഡിയോ മുന്നറിയിപ്പുകളും ഉപഗ്രഹത്തിൽനിന്നുള്ള സവിശേഷ സിഗ്നലുകളും എല്ലാം വേണം ജിദ്ദയിൽനിന്ന് കോഴിക്കോട്ടേക്ക് പറക്കാൻ. പക്ഷേ, പതിവായി കോഴിക്കോട്ട് വരാറുള്ള ദേശാടനപ്പക്ഷികൾ അങ്ങനെ വല്ലതും ഉപയോഗിച്ചാണോ ശരിയായ ദിശാനിർണയം നിർവഹിക്കുന്നത്? ഭൂമിശാസ്ത്രപരവും സമയബന്ധിതവുമായ കൃത്യത പാലിക്കുന്നതിന് പക്ഷികളെ സഹായിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്? അവയുടെ ജീനുകളിൽ അതായത് ഡി.എൻ.എകളിൽ ദേശാടനപരിധി രേഖപ്പെടുത്തിയതാരാണ്? അതൊക്കെ ചെയ്തുവച്ച ഉടയതമ്പുരാന് തന്റെ ഒരു സൃഷ്ടിയോട് സവിശേഷമായി സംവദിക്കാൻ ആവശ്യമായ സംവിധാനം, ഒരു പ്രത്യേകതരം 'സ്വീകരണി' സംവിധാനിക്കാനാവില്ലേ? (ഈ മൊബൈൽഫോൺ യുഗത്തിൽ മനുഷ്യൻ ദൈവത്തെ ഇത്ര കൊച്ചാക്കണോ!)

പറഞ്ഞുവരുന്നത്, ഖുർആന്റെ ദൈവസങ്കൽപം ഖുർആനിൽ അന്വേഷിക്കുന്നത് അതേതുതരം ഗ്രന്ഥമാണെന്ന് നിർണയിച്ചിട്ടു വേണം എന്നാണ്. കാരണം, അതൊരസാധാരണ ഗ്രന്ഥമാണെന്ന് മാത്രമല്ല, മനുഷ്യരചനപോലുമല്ല. അതാശയങ്ങളിൽ മാത്രമല്ല, വാക്കുകളിലും അക്ഷരങ്ങളിലുംവരെ ദൈവികമാണ്. ദിവ്യവെളിപാടുകളുടെ സമാഹാരമാണത്. അതേ, ശുദ്ധമായ ദൈവവചനം, അവന്റെ മാത്രം രചന!

## ഗ്രന്ഥകാരനെ പ്രകാശിപ്പിക്കുന്ന ഗ്രന്ഥം

ദൈവികഗ്രന്ഥമാണെന്ന ഖുർആന്റെ അവകാശവാദത്തെ മുഖവിലയ്ക്കെടുക്കുമ്പോൾ ഗ്രന്ഥത്തിൽനിന്ന് ഗ്രന്ഥകാരനെ കണ്ടെത്തലായിമാറുന്നു ദൈവസങ്കൽപാന്വേഷണം. മനുഷ്യരചനകളെ സംബന്ധിച്ചേടത്തോളം അവയിൽനിന്ന് ഗ്രന്ഥകാരനെക്കുറിച്ച് അനിഷേധ്യവും സുബദ്ധവും സമ്പൂർണവുമായ വിവരങ്ങൾ ലഭിക്കുക അപ്രായോഗികമാണ്. അനുഭവത്തിന് എതിരുമാകുന്നു. ഖുർആനിൽ ദൈവം

തന്നെയാണ് ദൈവത്തെക്കുറിച്ച് സംസാരിക്കുന്നത് എന്നതിനാൽ, ആധികാരികവും സമ്പൂർണവുമായ ജ്ഞാനം ദൈവത്തെക്കുറിച്ച് ലഭ്യമാണ്. ഒരൊറ്റ പ്രയാസമേയുള്ളൂ; ഒരു പാഠപുസ്തകത്തിന്റെയോ ശാസ്ത്രഗ്രന്ഥത്തിന്റെയോ ശൈലിയിൽ ഖുർആൻ ഒരു കാര്യവും പറയുന്നില്ല.

ഉദാഹരണമായി, വിശുദ്ധഖുർആനിലെ ഒന്നാമത്തെ സൂക്തം, 'അളവറ്റ ദയാപരനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ' എന്നാണ്. (ഒന്നാം അധ്യായത്തിലെ ഈ ഒന്നാം സൂക്തംകൊണ്ടാണ് ബാക്കി 113 അധ്യായങ്ങളിൽ 112-ഉം ആരംഭിക്കുന്നത്). പ്രസ്തുത ഗുണദ്വയം ഒന്നാം അധ്യായത്തിൽതന്നെ മൂന്നാം സൂക്തത്തിൽ ആവർത്തിക്കുന്നു. അത് വീണ്ടും വരുന്ന 2:163-164 നോക്കൂ: "നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ വേറെ ദൈവമില്ല. അവൻ അളവറ്റ ദയാപരനും കരുണാനിധിയുമാകുന്നു. (ഈ യാഥാർഥ്യം ബോധിക്കുന്നതിന് വല്ല ദൃഷ്ടാന്തമോ അടയാളമോ ആവശ്യമാണെങ്കിൽ) വാനഭുവനങ്ങളുടെ സൃഷ്ടിയിലും ദിനരാത്രങ്ങൾ ഒന്നിനുപിറകെ ഒന്നായി നിരന്തരം തുടർന്നുകൊണ്ടിരിക്കുന്നതിലും, മനുഷ്യോപയോഗവസ്തുക്കളുമായി നദികളിലും സമുദ്രങ്ങളിലും സഞ്ചരിക്കുന്ന യാനപാത്രങ്ങളിലും അല്ലാഹു മുകളിൽനിന്ന് വർഷിപ്പിക്കുന്ന ജലത്തിലും അതുവഴി നിർജീവമായ ഭൂമിയെ സജീവമാക്കുകയും (ഈ സംവിധാനം മുഖേന) ഭൂമിയിൽ സകലവിധ ജീവജാലങ്ങളെ വ്യാപിപ്പിക്കുകയും ചെയ്യുന്നു. കാറ്റുകളെ ചലിപ്പിക്കുന്നതിലും ആകാശഭൂമി



ിയിട്ടുള്ള മേഖലക
ന് എണ്ണമറ്റ ദൃഷ്ടാ

ൽ 'ലോകങ്ങളുടെ
നാഥൻ എന്നു പറ
ന്റെ രാജാവ് എന്നു
പറയുന്നത് 114:2-ൽ

വിശേഷങ്ങളെയും
ത്തിയ വ്യക്തമായ
ുതും ശക്തവുമായ
ഇരുന്നൂറ്റി മുപ്പത്തി
മേൽപറഞ്ഞ മൂന്നു
യയും ആധിപത്യ

യെയും ഏകത്വത്തെയും കുറിക്കുന്ന സർവാംഗീകൃതമായ സാങ്കേതിക സംജ്ഞയാകുന്നു 'തൗഹീദ്'. തനതു രൂപത്തിൽ വിശുദ്ധഖുർആനിൽ ഇല്ലാത്ത ഈ പദം മതമീമാംസകരുടെയും ദൈവശാസ്ത്രിമാരുടെയും സംഭാവനയാണ്. *അൽഫിഖ്ഹുൽ അക്ബർ* (ഏറ്റവും വലിയ ജ്ഞാനം) എന്ന പേരിലായിരുന്നു ഇതാദ്യം അറിയപ്പെട്ടിരുന്നത്.

തൗഹീദ്സംബന്ധമായ ഖുർആനിക മാർഗദർശനങ്ങളുടെയും തൽസംബന്ധമായ പ്രവാചകവചനങ്ങളുടെയും വിശദീകരണങ്ങളുടെയും വെളിച്ചത്തിലും അടിസ്ഥാനത്തിലും പൂർവസൂരികളായ പണ്ഡിതന്മാർ ഒരു ശാസ്ത്രം തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട് -*ഇൽമുത്തൗഹീദ്* എന്ന പേരിൽ. ബുദ്ധിപരമായ (അഖ്‌ലി) തെളിവുകളുടെയും കൈമാറിക്കിട്ടുന്ന (നഖ്‌ലി) അറിവുകളുടെയും ഖുർആന്റെ ഭാഷയിൽ ചിന്തയുടെയും കേൾവിയുടെയും (തഫക്കുറും സംഉം) അടിസ്ഥാനത്തിൽ ദൈവത്തിന്റെ ആസ്തിക്യത്തെയും ഗുണഗണങ്ങളെയും (സമ്പൂർണ നാമങ്ങൾ) അവകാശങ്ങളെയും കുറിച്ച് ചർച്ച ചെയ്യുന്ന ശാസ്ത്രം എന്നാണതിന്റെ നിർവചനം.

ഇസ്‌ലാമിന്റെ സത്താണ് തൗഹീദ്. മനുഷ്യശരീരത്തിൽ ഹൃദയത്തിനോ തലച്ചോറിനോ രണ്ടിനും കൂടിയോ ഉള്ള സ്ഥാനമാണ് തൗഹീദിന്, അതായത് ദൈവത്തിന്റെ ഏകത്വത്തിന് ഇസ്‌ലാമിലുള്ളത്. ശാസ്ത്രത്തിന്റെ സാങ്കേതികത്വമോ സങ്കീർണതയോ ഇല്ലാതെ ഏത് കാലത്തെയും ഏത് മനുഷ്യന്റെയും വൈചാരിക-വൈകാരികതലങ്ങളെ സംബോധനചെയ്യുന്ന സവിശേഷശൈലിയിലുള്ള പരശ്ശതം ഖുർആനികപരാമർശങ്ങളിൽനിന്ന് സംസിദ്ധമാകുന്ന ദൈവസങ്കൽപം സയ്യിദ് അബുൽഅഅ്‌ലാ മൗദൂദിയുടെ വാക്കുകളിൽ:

"പരാശ്രയത്തിനതീതനും അഖിലത്തിനും ആശ്രയമായുള്ളവനും എന്നെന്നും ഉള്ളവനും നിലനിൽക്കുന്നവനുമേ ദൈവമാകാൻ പറ്റൂ എന്നുപറഞ്ഞത് ഖുർആനാണ്. അവൻ സർവശക്തനും പരമാധികാരിയുമായിരിക്കണം. അവന്റെ ജ്ഞാനം എല്ലാറ്റിനെയും ചൂഴ്ന്നുനിൽക്കുന്നതായിരിക്കണം. അവന്റെ കാരുണ്യം സർവവ്യാപകമായിരിക്കണം. അവന്റെ ശക്തി എല്ലാറ്റിനെയും അതിജയിക്കുന്നതായിരിക്കണം. അവന്റെ യുക്തിയിൽ യാതൊരു ന്യൂനതയുമുണ്ടായിരിക്കരുത്. അവന്റെ നീതിയെ അക്രമത്തിന്റെ ലാഞ്ഛന പോലും ബാധിക്കരുത്. അവൻ ജീവിതം നൽകുന്നവനും ജീവിതോപാധികൾ സജ്ജമാക്കിക്കൊടുക്കുന്നവനുമായിരിക്കണം. എല്ലാറ്റിന്റെയും മടക്കം അവങ്കലേക്കായിരിക്കണം. അവനായിരിക്കണം എല്ലാറ്റിന്റെയും വിചാരണക്കാരൻ. രക്ഷാശിക്ഷകൾക്കുള്ള അധികാരം അവനായിരിക്കണം. കൂടാതെ, ഒരേസമയം പല 'ദൈവങ്ങൾ' ഉണ്ടാവുകയോ അവ ഈ ഗുണങ്ങളാലോ ഇവയിൽ ഏതെങ്കിലും ഒന്നുമായോ വിശേഷിപ്പിക്കപ്പെടുകയോ ചെയ്യത്തക്കവിധം ഈ ഗുണങ്ങൾ വിഭാജ്യമായിരിക്കരുത്. ഒരു 'ദൈവം' ചിലപ്പോൾ ഈ ഗുണത്തിനർഹമാവുകയും ചിലപ്പോൾ അർഹമാകാതിരിക്കുകയും ചെയ്യത്തക്കവിധം താൽക്കാലികമോ കാലികമോ ആയിരിക്കരുത് ഈ ഗുണങ്ങൾ. ഇന്ന് ഒരു 'ദൈവ'ത്തിനും നാളെ മറ്റൊരു ദൈവത്തിനുമെന്നോണം ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് മാറിക്കൊണ്ടിരിക്കുന്നതുമാകരുത് ആ ഗുണങ്ങൾ -ഇതാണ് ഖുർആന്റെ ദൈവസങ്കൽപം" (*ഇസ്‌ലാമിക സംസ്കാരം മൂലശിലകൾ*, പേ:129-130).

മറ്റൊരു ഭാഷയിൽ, 'പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനും ഭരണകർത്താവും നിയന്താവും എല്ലാം അല്ലാഹു മാത്രമാണ്. പ്രപഞ്ചത്തിലെ സമസ്തവസ്തുക്കളുടെ നിലനിൽപിനും വളർച്ചയ്ക്കും ആവശ്യമായ ആഹാരവും ഊർജവും പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നതും അല്ലാഹുവാണ്. പ്രപഞ്ചത്തിന്റെ ഉടമസ്ഥതയിലും സംരക്ഷണത്തിലും മറ്റാരാർക്കും യാതൊരു പങ്കുമില്ല. ദിവ്യത്വത്തിൽ അവന് യാതൊരു പങ്കുകാരുമില്ല. അദൃശ്യജ്ഞാനം അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. സ്വയം നിലനിൽക്കുന്നവൻ അവൻ മാത്രമാണ്; മറ്റുള്ളതെല്ലാം നശ്വരമാണ്. പ്രപഞ്ചത്തിലുള്ളതിനെയൊന്നിനെപ്പറ്റിയും പ്രപഞ്ചനാഥന്റെ സമജാതിയെന്നോ സന്തതിയെന്നോ ഒരർഥത്തിലും വിശേഷിപ്പിക്കപ്പെടാവതല്ല. അല്ലാഹുവിനോടൊപ്പം മറ്റാരെയും വിളിച്ചു പ്രാർഥിക്കാൻ പാടില്ല. രാഷ്ട്രീയവും നിയമപരവുമായ പരമാധികാരവും ദൈവത്തിനുള്ളതാണ്" (*ഇസ്‌ലാമിന്റെ സന്ദേശം*).

"കേവലം സമ്പൂർണമായ ഒരസ്തിത്വമോ എല്ലാറ്റിന്റെയും ആദികാരണമോ മാത്രമല്ല ദൈവം. എല്ലാ വസ്തുക്കളിലും കാണുന്ന വ്യവസ്ഥാപിതത്വത്തിന്റെ കേന്ദ്രമാണ്." എല്ലാ വ്യവസ്ഥാപിതത്വത്തിന്റെയും കേന്ദ്രം എന്നതിനർഥം, സമ്പൂർണശാസനാധികാരമുള്ള അസ്തിത്വമാണ് ദൈവം എന്നാണ്. അവന്റെ ചലനങ്ങളും ചിന്തകളും ക്രിയകളും സംശയാതീതമായ യാഥാർഥ്യങ്ങളാണ്. ഇവയെല്ലാം മനുഷ്യൻ തന്റെ ദൃഷ്ടികോണിലൂടെ നോക്കുമ്പോൾ അവയോരോന്നും അവന് ഒരു മൂല്യമായും അനിവാര്യതയായും അനുഭവപ്പെടുന്നു. ശരിയാംവണ്ണം ഗ്രഹിച്ചുകഴിഞ്ഞ ഏതൊരു വസ്തുവിലും അവന് ഒരു പോരായ്മയും അനുഭവപ്പെടുന്നുമില്ല. ദൈവത്തിന്റെ ആത്യന്തികത്വം പ്രകൃത്യതീതവിജ്ഞാനത്തിൽനിന്ന് അടർത്തിയെടുത്തുകൊണ്ടോ ഒറ്റപ്പെടുത്തിക്കൊണ്ടോ മുസ്‌ലിമിന് കാണാൻ കഴിയുകയില്ല എന്നതാണ് വാസ്തവം. പ്രകൃത്യതീത പ്രതിഭാസങ്ങളുടെ മൂല്യം കണക്കാക്കുമ്പോൾ അവയുടെ അനലംഘ്യതയും അതുല്യതയും വ്യവസ്ഥാപിതത്വവും കൂടു

തൽ കൂടുതൽ ബോധ്യമാകുന്നു."

"പരമവും ആത്യന്തികവുമായ സത്തയാണ് ദൈവം. എല്ലാ ബന്ധങ്ങളും കെട്ടുപാടുകളും അവിടെ ലക്ഷ്യംവയ്ക്കുകയും ഒടുവിൽ അവിടെച്ചെന്നെത്തുകയും ചെയ്യുന്നു. പ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളും അതിനപ്പുറത്തുള്ള ഒന്നിനെ തേടുന്നു. അത് മൂന്നാമതൊന്നിനെ തേടുകയും ആ ശൃംഖല തുടർന്നുപോവുകയും ചെയ്യുന്നു. പരമമായ അന്ത്യം എത്തുന്നതുവരെ. ദൈവമാണ് ആ അന്ത്യം. എല്ലാ അന്ത്യങ്ങളുടെയും അന്ത്യം. എല്ലാ തേട്ടങ്ങളുടെയും കേന്ദ്രബിന്ദുവാണവൻ. എല്ലാ നല്ല വസ്തുക്കളെയും നല്ലതാക്കുന്നതവനാണ്. പരമമായ അന്ത്യം കണ്ടെത്തിയില്ലെങ്കിൽ ശൃംഖലയിലെ കണ്ണികൾ അറ്റുപോകുന്നു. ഏറ്റവും അന്തിമമായത് എല്ലാ ചങ്ങലകളുടെയും അന്ത്യമൂല്യ നിർണയമേഖലയാണ്."

"ദൈവത്തെ പരമവും അന്തിമവുമായ ലക്ഷ്യബിന്ദുവായി കാണുന്ന ഈ സങ്കൽപം ദൈവം അതുല്യനായിരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. അവൻ അതുല്യനല്ലെങ്കിൽ എല്ലാറ്റിന്റെയും ആത്യന്തികതയെക്കുറിച്ചും മുൻഗണനയെക്കുറിച്ചും ചോദ്യങ്ങൾ ഉത്ഭവിക്കുന്നു. അതിനാൽ പരമമായ അന്ത്യം അതുല്യവും അദ്വിതീയവുമായിരിക്കണം. ദൈവം പരമസത്തയായതുകൊണ്ട്, അത് മറ്റൊന്നിനെ ആശ്രയിക്കുന്നില്ല. ആശ്രയത്തിന്റെ എല്ലാ സാധ്യതകളും ആത്യന്തികത്വം തടയുന്നു. അല്ലാഹുവല്ലാതെ ദൈവമില്ല എന്ന വിശ്വാസപ്രഖ്യാപനത്തിലൂടെ മുസ്‌ലിം ഊന്നിപ്പറയുന്നത് ദൈവത്തിന്റെ ഈ അദ്വിതീയവും അതുല്യവുമായ ഭാവമാണ്" (ഡോ. ഇസ്മാഈൽ റജി ഫാറൂഖി, *തൗഹീദിന്റെ ദർശനം*, പേ: 4-6).

ഈ ദൈവസങ്കൽപമാകുന്നു *ലാ ഇലാഹ ഇല്ലല്ലാഹ്*. 'ഇല്ല ഒരു ദൈവവും അല്ലാഹുവല്ലാതെ' എന്നാണതിന്റെ അർഥം. 'ഇല്ല' എന്ന നിഷേധരൂപത്തിലുള്ള ആരംഭം തന്നെ ശ്രദ്ധേയമാണ്. ദ്വൈതം, ത്രിയേകത്വം, ബഹുദൈവത്വം എന്നുമാത്രമല്ല ദൈവത്തിന്റെ ആസ്തിക്യത്തെത്തന്നെ നിഷേധിക്കുന്ന *ലാ ഇലാഹ* എന്ന പദദ്വയം. എന്നിട്ട്, ഒരു ദൈവമുണ്ടെങ്കിൽ അവൻ ആരായിരിക്കണം, അവന്റെ ഗുണവിശേഷങ്ങളും അധികാരാവകാശവും എന്തൊക്കെയായിരിക്കണം എന്നതിനെക്കുറിച്ച് ഒരു സമ്പൂർണ സങ്കൽപം അല്ലാഹു എന്ന സംജ്ഞയിലും അവന്റെ വിശേഷണങ്ങളിലുമായി സമർപ്പിക്കുകയാണ്. ആ തൊപ്പി ചേരുന്ന മറ്റൊരു തലയും പ്രപഞ്ചത്തിലില്ല എന്നാണ് തുടർന്ന് സമർഥിക്കുന്നത്.

## ശിർക്കിനെ നിഷേധിക്കുന്നതെന്തുകൊണ്ട്?

അല്ലാഹുവിന്റെ ആസ്തിക്യത്തിലോ ഗുണഗണങ്ങളിലോ അധികാരാവകാശങ്ങളിലോ ഒന്നും തന്നെ ഒരു കടുകുമണിത്തൂക്കം അവന്റെ സൃഷ്ടികൾക്ക് എന്തിനെയെങ്കിലും ആരെയെങ്കിലും പങ്കുകാരാക്കുന്നതിനെ ഖുർആൻ നിരാകരിക്കുന്നു. ഇങ്ങനെ പങ്കുചേർക്കുന്നതിന് *ശിർക്ക്* എന്നാണ് പറയുക. ശിർക്ക് മഹാ അക്രമമാണെന്നും (31:3) ഒരിക്കലും പൊറുക്കപ്പെടാത്ത മഹാപാപമാണെന്നും ഖുർആൻ ആവർത്തിച്ചുപറയുന്നു (4: 48, 116). തൗഹീദിന്റെ നിഷേധമത്രെ അത്.

ഇങ്ങനെ അല്ലാഹുവിൽ ആരെയും യാതൊന്നിനെയും പങ്കുചേർക്കരുത് എന്നുപറയുന്നത് ദൈവസങ്കൽപത്തോളം തന്നെ വ്യാപകവും സമഗ്രവുമാണ്. എന്നുവച്ചാൽ ഒരുകാര്യത്തിലും ഒട്ടുംതന്നെ ശിർക്ക് പറ്റുകയില്ല. അതിനാൽ 'ദൈവത്തിനുള്ളത് ദൈവത്തിനും സീസർക്കുള്ളത് സീസർക്കും' എന്നുവയ്ക്കാൻ ഖുർആന്റെ ദൈവസങ്കൽപം അനുവദിക്കുകയില്ല. സീസറും സീസറിനുള്ളത് എന്ന് പറയുന്നതുംകൂടി ദൈവത്തിനുള്ളതാണ്. അവൻ അനുഗ്രഹിച്ചനുവദിച്ചുകൊടുത്തതു മാത്രമേ സീസറിന് കൈകാര്യം ചെയ്യാവൂ; അതും ദൈവത്തിന്റെ ഇംഗിതമനുസരിച്ച്. "ദൈവത്തിനുള്ളത് ദൈവത്തിനും സീസർക്കുള്ളത് സീസർക്കും എന്നൊരു ദ്വൈതീഭാവത്തിൽ മുഹമ്മദ് നബി വിശ്വസിച്ചില്ല. ഇഹപരങ്ങളെ രണ്ടായല്ല പരസ്പരബന്ധപ്രതിഭാസമായാണ് അദ്ദേഹം വീക്ഷിച്ചത്. മുഹമ്മദ് നബി പ്രവാചകനും ഭരണാധികാരിയുമായി. മതസ്ഥാപകനും രാഷ്ട്രശിൽപിയും. ലോകചരിത്രത്തിൽ ഇദംപ്രഥമമായാണ് ഇത്തരമൊരു ഐക്യം ദർശിക്കപ്പെടുന്നത്" (*എം. ഗോവിന്ദന്റെ ഉപന്യാസങ്ങൾ*, പേ: 178,179). മനുഷ്യജീവിതത്തിന്റെ ഓപറേഷനും മെയിന്റനൻസുമായി ബന്ധപ്പെട്ട നിയമാവലിക്ക്, അഥവാ ദൈവസങ്കൽപം എന്ന ഐഡിയോളജിയുടെ മെതഡോളജിക്ക് സാങ്കേതികമായി ശരീഅത്ത് എന്നു പറയുന്നു. (ഖുർആന്റെ ഭാഷയിൽ ഈമാനും അമലും). അല്ലാഹു അനുവദിക്കാത്ത മേഖലകളിലോ അനുവദിച്ച മേഖലകളിൽതന്നെ അവന്റെ ഇംഗിതത്തിനു വിരുദ്ധമായോ നിയമം നിർമിക്കുന്നതും ശിർക്കാകുന്നു (42:21). 'അല്ലാഹുവിന്റെ അനുവാദം' എന്നുപറയുമ്പോൾ ശരീഅത്തിന്റെ ഈ സവിശേഷതയിലേക്കത് വിരൽചൂണ്ടുന്നു. മനുഷ്യപ്രകൃതിയിൽ മാറ്റമില്ലാത്ത കാര്യങ്ങളിൽ (അത് അവന്റെ സ്രഷ്ടാവിനാണല്ലോ നന്നായി അറിയുക) അവൻ തന്നെ ഖുർആനും പ്രവാചകനും മുഖേന ഖണ്ഡിതമായ നിയമങ്ങൾ നൽകി. ഉദാഹരണമായി സ്ത്രീപുരുഷ ലൈംഗികബന്ധം മഹ്ർ നൽകി സാക്ഷ്യപ്പെടുത്തിയ വിവാഹത്തിലൂടെ മാത്രമേ പറ്റൂ. സ്ഥലകാലവ്യത്യാസങ്ങൾക്കനുസരിച്ച് മാറാൻ സാധ്യതയുള്ള മനുഷ്യാവസ്ഥകൾക്ക് വിശുദ്ധഖുർആന്റെയും മുഹമ്മദീയചര്യ(സുന്നത്ത്)യുടെയും മൗലികതയോടും ചൈതന്യത്തോടും നീതി പുലർത്തി നിയമങ്ങൾ നിർമിക്കാൻ മനുഷ്യന് അനുവാദം നൽകിയിരിക്കുന്നു.

ദൈവത്തിന്റെ സത്തയിലോ ഗുണങ്ങളിലോ അവകാശങ്ങളിലോ മുഴുവനായോ ഭാഗികമായോ പങ്കുചേർക്കപ്പെടുന്ന വ്യക്തികളും ശക്തികളും പ്രതിഭാസങ്ങളും മനുഷ്യൻ അടിസ്ഥാനരഹിതമായി കൽപിച്ചരുളുന്ന വ്യാജനാമങ്ങളും പൊള്ളയായ ജൽപനങ്ങളും മാത്രമാണെന്ന് ഖുർആൻ വാദിക്കുന്നു. കാരണം, ഒരീച്ചയെ സൃഷ്ടിക്കാൻ പോലും അവയ്ക്കൊന്നും സാധ്യമല്ല. കുത്തുപാള പോലും എടുക്കാനില്ലാത്തവൻ കോടീശ്വരൻ ചമയുന്നതിനു തുല്യമാണല്ലോ അത്. ശിർക്കിനെ ഇത്ര കഠിനമായി എതിർക്കുന്നത് എന്തിന് എന്ന് ചോദിക്കുന്നവരുടെ ഐഡന്റിറ്റിയെയോ ഇന്റഗ്രിറ്റിയെയോ സംശയിച്ചുനോക്കണം; അവരുടെ പിതൃത്വത്തെയോ മാതാവിന്റെ ചാരിത്ര്യത്തെയോ ചോദ്യംചെയ്തുനോക്കണം; പ്രതികരണമെന്തായിരിക്കും?! മനുഷ്യർ കൈവരിക്കുന്ന ചില്ലറ നേട്ടങ്ങളെയും യോഗ്യതകളെയും പോലും കോപ്പിറൈറ്റുകളും പേറ്റന്റ് രജിസ്ട്രേഷനുകളും മുഖേന സംരക്ഷിക്കുന്നവർ അല്ലാഹു ശിർക്ക് അനുവദിക്കാത്തത് എന്താണെന്ന് ചോദിക്കാതിരിക്കുക.

എന്നാൽ, ഇതുമാത്രമല്ല ശിർക്കിനെ എതിർക്കാൻ കാരണം. ലോകത്ത് നടമാടിക്കൊണ്ടിരിക്കുന്ന അക്രമങ്ങൾ, അനീതികൾ, അരാജകത്വങ്ങൾ തുടങ്ങിയ എല്ലാറ്റിന്റെയും നാരായവേര് ശിർക്കാകുന്നു എന്നതുകൊണ്ട് കൂടിയത്രെ. ആമാശയത്തിന്റെ സ്രഷ്ടാവും അതിന്റെ പ്രകൃതിനിയമവിധികർത്താവുമായ ശക്തിവിശേഷം എന്താണോ, ആരാണോ അതുതന്നെ, അല്ലെങ്കിൽ അവൻ തന്നെ ആയിരിക്കണം ആമാശയത്തിലേക്ക് എന്തെല്ലാം ഒഴിച്ചുകൊടുക്കണമെന്ന് തീരുമാനിക്കുന്ന സാന്മാർഗിക വിധികർത്താവുമെന്ന് ഖുർആൻ സമർഥിക്കുന്നു. മനുഷ്യനെയും മദ്യത്തെയും സൃഷ്ടിച്ചിട്ടുള്ള ദൈവം ആമാശയത്തിലേക്ക് മദ്യം ഒഴിച്ചുകൊടുക്കരുതെന്ന് അവനോട് അനുശാസിക്കുന്നു. അതിനെ ധിക്കരിച്ചുകൊണ്ട് മദ്യപിക്കുന്നത് ദൈവധിക്കാരം മാത്രമല്ല, അവന്റെ അധികാരാവകാശങ്ങളിൽ പങ്കുചേർക്കലും ദൈവം ചമയലുമായി കാണുന്നു, ഖുർആൻ. എവിടെ ജീവിതമുണ്ടോ, ജീവിതത്തിൽ എന്തെല്ലാമുണ്ടോ അവിടെയെല്ലാം, അതിനെല്ലാം ദൈവഹിതം മാനിച്ചേ പറ്റൂ. അതാണ് ദൈവികനിയമം, പ്രകൃതിനിയമം. അതിനെ ലംഘിച്ചാൽ പ്രത്യാഘാതങ്ങളുണ്ടാവുക സ്വാഭാവികമാണ്. മനുഷ്യൻ തനിക്ക് താൻ തന്നെ മതി എന്ന് തീരുമാനിക്കുന്നതോടെ പരിധിവിട്ട

വനും അതിക്രമകാരിയുമായിമാറുന്നു (96:6). അത്തരം വ്യക്തികളുടെ സമൂഹം നാട്ടിൽ ദൈവികവും പ്രകൃതിപരവുമായ പരിധികൾ വിട്ട് പെരുമാറുന്നതോടെ കുഴപ്പവും കലാപവും വർധിക്കുന്നു (89:12). ചുരുക്കത്തിൽ, ശിർക്ക് കൈയൂക്കുള്ളവനെ കാര്യക്കാരനാക്കുകയും അസമാധാനം ഉണ്ടാക്കുകയും അത് നാഗരികതയുടെ നാശത്തിലേക്ക് നയിക്കുകയും ചെയ്യുന്നു എന്ന ഗുരുതരമായ പ്രത്യാഘാതത്തെ കണക്കിലെടുത്തുകൂടിയാണ് ഖുർആൻ ശിർക്കിനെ എതിർക്കുന്നത്.

ഞാൻ കാണുന്നില്ലെങ്കിലും എന്നെ നിമിഷമൊഴിയാതെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും എന്റെ ബാഹ്യമായ കരചരണങ്ങളുടെ ചലനം മാത്രമല്ല, മാനസികാവസ്ഥകൾ കൂടി പകർപ്പെടുത്തു(45: 29)വയ്ക്കുകയും വിചാരണചെയ്ത് തക്കതായ പ്രതിഫലം നൽകുകയും ചെയ്യുമെന്ന ഉറച്ച ബോധവും ആ ബോധത്താൽ നിയന്ത്രിക്കപ്പെടുന്ന ജീവിതവുമാണ് എന്നെ നന്നാക്കുന്നതും ചീത്തയാക്കുന്നതും. എന്റെ നാഗവും നരകവും തീരുമാനിക്കുന്നത് ഞാൻ തന്നെയാണ്. പ്രസ്തുതബോധത്തിന്റെ അടിസ്ഥാനത്തിൽ, ഇങ്ങനെ ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്ന ബോധത്താൽ നിയന്ത്രിക്കപ്പെടുന്ന വ്യക്തികൾക്ക് ഒരു നാട്ടിൽ ഉണ്ടെന്നും ഇല്ലെന്നും പറയാനുള്ള ധാർമികശക്തി കൈവരുന്നതോടെ ആ നാട് ക്ഷേമരാഷ്ട്രമായിമാറുന്നു. ഖുർആന്റെ ദൈവസങ്കൽപം ഒരു വലിയ വിപ്ലവം സാധിച്ച് വളരെക്കാലം നിലനിർത്തിയതായി ചരിത്രം സാക്ഷ്യംവഹിക്കുന്നു.

## തൗഹീദ് ചുമത്തുന്ന ബാധ്യതകൾ

'അല്ലാഹുവല്ലാതെ വേറെയൊരു ദൈവമില്ല' എന്ന തൗഹീദിന്റെ മൂലവാക്യത്തിലെ ദൈവത്തെക്കുറിക്കുന്ന പദം *ഇലാഹ്* എന്നതത്രെ. ആ പദത്തിന്റെ സാങ്കേതികാർഥം, 'സ്നേഹിക്കപ്പെടാനും നന്ദി കാണിക്കപ്പെടാനും അടിമപ്പെടാനും ആരാധിക്കാനും യഥാർഥത്തിൽ അർഹനായവൻ' എന്നാകുന്നു. ഏകദൈവത്തെ കുറിക്കാൻ ആ പദം (ഇലാഹ്) തന്നെ ഉപയോഗിക്കണമെന്ന് ദൈവശാസ്ത്രിമാർ നിഷ്കർഷിച്ചിട്ടുണ്ട്. വിശുദ്ധഖുർആനിലും *ലാ ഇലാഹ ഇല്ലല്ലാഹ്* എന്നതിലെ ഇലാഹിനു പകരമായ ദൈവത്തെക്കുറിക്കുന്ന മറ്റു പദങ്ങളോ നാമങ്ങളോ ഉപയോഗിച്ചു കാണുന്നില്ല. ഇതെടുത്തുപറയാൻ കാരണം ദൈവത്തെ പരിചയപ്പെടുത്താൻ ഖുർആൻ വ്യാപകമായി ഉപയോഗിച്ചിട്ടുള്ള മറ്റൊരു പദം (റബ്ബ്) കൂടി ഉള്ളതത്രെ. 'താഴ്ന്ന പടിയിൽനിന്ന് ഉയർന്ന പടിയിലേക്ക് ക്രമപ്രവൃദ്ധമായി വളർത്തിക്കൊണ്ടുവരുന്നവൻ' എന്നാണ് റബ്ബിന്റെ ഭാഷാർഥം. സാങ്കേതികമായി, 'ശൂന്യതയിൽനിന്ന് സൃഷ്ടിക്കുകയും സൃഷ്ടിയെ സംവിധാനിക്കുകയും അതിന്റെ ജീവിത മണ്ഡലവും ദൗത്യവും നിർണയിക്കുകയും നിർണിതദൗത്യം നിർവഹിക്കാനാവശ്യമായ മാർഗദർശനം (ജന്മവാസന മുതൽ ദിവ്യബോധനം വരെ) നൽകുകയും ചെയ്യുന്നവൻ (87: 1-3) എന്നാണ്. 'എല്ലാറ്റിന്റെയും റബ്ബ്', 'സകല ലോകങ്ങളുടെയും റബ്ബ്', 'ആകാശഭൂമികളുടെ റബ്ബ്' എന്നെല്ലാം കാണാം ഖുർആനിൽ. പക്ഷേ, *ലാ റബ്ബ ഇല്ലല്ലാഹ്* എന്നു പറഞ്ഞാൽ ഖുർആന്റെ സങ്കൽപത്തിലുള്ള ദൈവത്തോട് നീതി പുലർത്താനാവില്ല. എന്താണ് വ്യത്യാസം? ഒരുദാഹരണത്തിലൂടെ വ്യക്തമാക്കാം: ഗൃഹനായികയ്ക്ക്, മാതാവിന് *റബ്ബത്തുൽ ബൈത്ത്* (വീട്ടിന്റെ റബ്ബ്) എന്നു പറയും അറബിഭാഷയിൽ. നൊന്തുപെറ്റു ആറ്റുനോറ്റ് പോറ്റിവളർത്തുകയാണല്ലോ മാതാവ് മക്കളെ ചെയ്യുന്നത്. മാതാവിന്റെ ഈ പരിപാലനത്തോടെ മാതൃപുത്രബന്ധം പൂർത്തിയാകുന്നില്ലല്ലോ. ഏതൊരു മാതാവാണോ പെറ്റുപോറ്റി വളർത്തിയത് അവർ ആ മക്കളുടെ സ്നേഹത്തിനും നന്ദിക്കും അനുസരണത്തിനും അവകാശപ്പെടുകകൂടി ചെയ്യുന്നു എന്നുവരുമ്പോഴേ പ്രസ്തുതബന്ധം പൂർണവും സാർഥകവുമാകുന്നുള്ളൂ. ഇതുതന്നെയാണ് തൗഹീദിന്റെയും നില. മാതാവിൽനിന്ന് മക്കൾക്കെന്നപോലെ സ്രഷ്ടാവിൽനിന്ന് സൃഷ്ടികളിലേക്കും പരിപാലനം (റുബൂബിയ്യത്ത് -87: 1-3) കിട്ടിക്കൊണ്ടിരിക്കുന്നു. സൃഷ്ടികളുടെ ഭാഗത്തുനിന്ന് ബദലായി സ്രഷ്ടാവിനു കിട്ടേണ്ട സ്നേഹത്തിനും അനുസരണത്തിനും ആരാധനയ്ക്കും അർഹനും (ഉലൂഹിയ്യത്ത്) അവൻ തന്നെയാകുന്നു എന്നാണ് *ഇലാഹ്*കൊണ്ട് വിവക്ഷിക്കുന്നത്. മറ്റൊരു ഭാഷയിൽ ഏതൊരുവനാണോ റബ്ബ് അവൻതന്നെയായിരിക്കണം ഇലാഹും. (ശിർക്ക് ചെയ്യരുതെന്ന് പറഞ്ഞപ്പോൾ 'എനിക്കും നിന്റെ മാതാപിതാക്കൾക്കും നീ ശുക്ർ (നന്ദി) ചെയ്യുക' എന്ന് അല്ലാഹു നിർദേശിച്ചത് (31: 14) ശ്രദ്ധേയമാണ്). ഇത് സ്വാഭാവികമായും ദൈവത്തിന്റെ അവകാശങ്ങളിലേക്ക് നയിക്കുന്നു. അഥവാ ലാ ഇലാഹ ഇല്ലല്ലാഹ് എന്നംഗീകരിക്കുക വഴി താഴെ പറയുന്ന കാര്യങ്ങൾ മനുഷ്യന്റെ മേൽ നിർബന്ധമായിത്തീരുന്നു:

1. മറ്റാരുടെ പക്കലും യഥാർഥത്തിൽ യാതൊരു അധികാരശക്തിയും ഇല്ലതന്നെ. അതിനാൽ അല്ലാഹുവെ അല്ലാതെ മറ്റാരെയും രക്ഷാകർത്താവോ കൈകാര്യകർത്താവോ ആവശ്യങ്ങൾ നിറവേറ്റുന്നവനോ ബുദ്ധിമുട്ടുകൾ തീർക്കുന്നവനോ സങ്കടങ്ങൾ കേൾക്കുന്നവനോ സംരക്ഷിക്കുന്നവനോ സഹായിക്കുന്നവനോ ആയി ധരിക്കാതിരിക്കുക.

2. സകല അധികാരങ്ങളുടെയും ഉടമസ്ഥൻ വാസ്തവത്തിൽ അല്ലാഹു മാത്രമാകുന്നു. അതിനാൽ, അല്ലാഹുവെ ഒഴിച്ച് മറ്റാരെയും ലാഭനഷ്ടങ്ങൾ ഏൽപിക്കുന്നവരായി കരുതാതിരിക്കുക, മറ്റാരോടും ഭക്തി കാണിക്കാതിരിക്കുക, മറ്റാരെയും ഭയപ്പെടാതിരിക്കുക, മറ്റാരിലും തന്നെത്താൻ അർപ്പിക്കാതിരിക്കുക, മറ്റാരോടും പ്രതീക്ഷകൾ ബന്ധപ്പെടുത്താതിരിക്കുക.

3. അല്ലാഹു മാത്രമാണ് ആരാധനയ്ക്കർഹൻ. അതിനാൽ അല്ലാഹുവെ അല്ലാതെ മറ്റാരെയും ആരാധിക്കാതിരിക്കുക. മറ്റാരുടെ പേരിലും നേർച്ച നേരാതിരിക്കുക. മറ്റാരുടെ മുമ്പിലും തലകുനിക്കാതിരിക്കുക. ചുരുക്കത്തിൽ, ബഹുദൈവവിശ്വാസികൾ തങ്ങളുടെ ആരാധ്യരുമായി പുലർത്തിവരാറുള്ള യാതൊരിടപാടും നടത്താതിരിക്കുക.

4. സകലരും മാലാഖമാരോ പുണ്യാത്മാക്കളോ അമ്പിയാഓ ഔലിയാഓ ആരുതന്നെയാണെങ്കിലും ശരി -അല്ലാഹുവിന്റെ സാമ്രാജ്യത്തിൽ അധികാരമില്ലാത്ത പ്രജകൾ മാത്രമാകുന്നു. അതിനാൽ, അല്ലാഹുവോടല്ലാതെ മറ്റാരോടും പ്രാർഥിക്കാതിരിക്കുക. മ റ്റാരോടും അഭയം തേടാതിരിക്കുക. മറ്റാരെയും സഹായത്തിന് വിളിക്കാതിരിക്കുക, ശിപാർശ മുഖേന ദൈവവിധിയെ മാറ്റാൻ കഴിയുന്ന വിധം, ദൈവികനിയന്ത്രണങ്ങളിൽ പ്രവേശനവും സ്വാധീനശക്തിയുമുള്ളവരായി ആരെയും ഗണിക്കാതിരിക്കുക.

5. തന്റെ രാജ്യത്തിന്റെ ന്യായമായ ഏക ഉടമസ്ഥനും തന്റെ സൃഷ്ടികളുടെ ന്യായമായ ഏക വിധികർത്താവും അല്ലാഹു മാത്രമാകുന്നു. അതിനാൽ അല്ലാഹുവെ ഒഴിച്ച് മറ്റാരെയും ആധിപത്യത്തിന്റെ ഉടമസ്ഥനോ അധീശാധിപതിയോ ആയി കരുതാതിരിക്കുക, സ്വാധികാരപ്രകാരം കൽപിക്കാനും നിരോധിക്കാനും അർഹരായി മറ്റാരെയും അംഗീകരിക്കാതിരിക്കുക. മറ്റാരെയും സ്വതന്ത്രനിയമനിർമാതാവായി സ്വീകരിക്കാതിരിക്കുക. ഏക അല്ലാഹുവിനുള്ളതോ അവന്റെ നിയമത്തിന് വിധേയമായതോ അല്ലാത്ത ഏതുവിധ അനുസരണങ്ങളെയും ശരിയെന്ന് അംഗീകരിക്കുന്നതിനെ നിഷേധിക്കുക.

ചുരുക്കത്തിൽ, ഖുർആന്റെ ദൈവസങ്കൽപം ആത്മശുദ്ധീകരണത്തിന് മാത്രമുള്ളതല്ല, സ്വഭാവസംസ്കരണത്തിനും കർമവ്യവസ്ഥീകരണത്തിനും നന്മയുടെ പ്രചാരണത്തിനും തിന്മയുടെ പ്രതിരോധത്തിനും നാഗരികതയുടെ നിർമാണത്തിനും കൂടിയുള്ളതാണ്. സാർവലൗകികവും സാർവകാലികവുമായ സമഗ്രവും സമ്പൂർണവുമായ ഒരു ജീവിതപദ്ധതിയുടെ ഊർജസ്രോതസ്സാണ് ഖുർആനിലെ ദൈവം എന്നതിനാൽ അല്ലാഹുവിനോടൊപ്പം മറ്റാരെയും വിളിച്ചുപ്രാർഥിക്കാൻ പാടില്ല എന്നിടത്തവസാനിക്കുന്നില്ല തൗഹീദ്. രാഷ്ട്രീയവും നിയമപരവു

മായ പരമാധികാരവും ദൈവത്തിനുള്ളതാണ്.

ഖുർആന്റെ സങ്കൽപത്തിലുള്ള ദൈവം സത്യാസത്യവിവേചനത്തിന് ഉദാത്തവും പവിത്രവുമായ മാനദണ്ഡം നൽകുന്നു എന്നത് ചെറിയ കാര്യമല്ല. ഖുർആന്റെ മറ്റൊരു ഖുർആനികസംജ്ഞ തന്നെ *ഫുർഖാൻ* (സത്യാസത്യവിവേചനം) എന്നാണ്. മനുഷ്യൻ മദ്യപിക്കാമോ? മദ്യപാനം ശരിയോ തെറ്റോ, പുണ്യമോ പാപമോ? ഈ ചോദ്യത്തിന് ഉത്തരം നൽകുക മനുഷ്യന് സാധ്യമല്ല. മദ്യം ഉപകാരപ്രദമോ ഉപദ്രവകരമോ എന്ന് വേണമെങ്കിൽ തീരുമാനിക്കാൻ കഴിഞ്ഞെന്നുവരും. എന്നാലും പ്രശ്നം അവസാനിക്കുകയില്ല. ഉപദ്രവകരമാണ്, അതിനാൽ വർജ്യമാണ് എന്ന് തീരുമാനിച്ച ശേഷവും മനുഷ്യനെക്കൊണ്ട് അത് വർജിപ്പിക്കാവുന്ന പ്രേരകശക്തിയൊന്നും ഇന്നേവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല എന്നതിന് അനുഭവം സാക്ഷിയാണല്ലോ. ഇവിടെ ഖുർആൻ പറയുന്നു: "മദ്യത്തിൽ (നിങ്ങൾക്ക് കാണാൻ കഴിയാത്ത) വലിയ പാപമുണ്ട്. ജനങ്ങൾക്ക് (കാണാൻ കഴിയുന്ന) ഉപകാരവുമുണ്ട്. എന്നാൽ, മദ്യത്തിന്റെ പാപം അതിന്റെ ഉപകാരത്തേക്കാൾ വളരെ കൂടുതലാണ്" (2: 219). ഇവിടെ ഉപദ്രവം ഉപകാരത്തേക്കാൾ കൂടുതലാണ് എന്നല്ല പറഞ്ഞിരിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമത്രെ. മനുഷ്യശരീരത്തിന്റെയും മദ്യത്തിന്റെയും മാനുഫാക്ചറർ മനുഷ്യശരീരമാകുന്ന മോട്ടോറിന് ഇന്ധനം നിർണയിച്ചപ്പോൾ മദ്യമൊഴിച്ച് ഓടിക്കരുത് എന്നും, ഒഴിവാക്കി ഓടിച്ചില്ലെങ്കിൽ തകർച്ചയായിരിക്കും ഫലമെന്നും മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ഇവിടെ ഒരു ഡീസൽവണ്ടിയുടെ വിധേയത്വം മനുഷ്യവണ്ടി സ്വയം വരിക്കേണ്ടിയിരിക്കുന്നു. രഹസ്യവും പരസ്യവുമറിയുന്ന ദൈവം എല്ലാം രേഖപ്പെടുത്തി നാളെ വിചാരണ ചെയ്തു ശിക്ഷിക്കുമെന്ന ബോധം പ്രേരകശക്തിയായി വർത്തിക്കുകയും ചെയ്യും. എല്ലാവിധ മൂല്യച്യുതികൾക്കു ശേഷവും കോടാനുകോടി ഖുർആന്റെ അനുയായികൾ അവനെ മാത്രം ഭയപ്പെട്ട് മദ്യപിക്കാതിരിക്കുന്നത് ഇന്നും ദൃശ്യമാണല്ലോ.